
# ഗവ.വി.എച്ച്.എസ്സ്.എസ്സ് കുമരകം



GOVT. V.H.S.S KUMARAKAM, KOTTAYAM

ESTD. 1917

little KITEs

# D'COMETA

# ആശംസകൾ

കുമരകം ഗവ.ഹൈസ്കൂളിലെ ലിറ്റിൽകൈറ്റ്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഡിജിറ്റൽ മാസിക പുറത്തിറക്കുന്നു.വളരെ നൂതനമായ ഈആശയത്തിന്റെ സാക്ഷാത്കാരത്തിനായി പരിശ്രമിച്ച ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്ക് എല്ലാവിധ വിജയാശംസകളും നേരുന്നു. മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ലിറ്റിൽകൈറ്റ്സ് ക്ലബ്ബിന് ഭാവുകങ്ങൾ നേർന്നുകൊള്ളുന്നു.

പ്രധാനഅദ്ധ്യാപകൻ

അബ്ദുൾ ഷുക്കൂർ എം.



# ഉള്ളടക്കം

ചരിത്രവഴികളിലൂടെ.........................................................5
മഴ.........................................................................................................................7
Quotations Of Famous Personalities......................8
IMPACT OF SPORTS IN DAILY LIFE................9
ഒരു ജന്മം.........................................................................................................10
സ്കൂൾ കൗൺസിലിംഗ്..................................................................................12
ചിത്രലോകം...................................................................................................14
തബീബിയ......................................................................................................15
ഓർമ്മത്തുവൽ..................................................................................................16
അമ്മ...................................................................................................................18
വിനോദസഞ്ചാര നിമിഷങ്ങൾ.......................................................19



ഇത് സൈബർ ലോകം..........
സ്വപ്നങ്ങളെ വിരൽത്തുമ്പിനാൽ താലോലിക്കുന്ന പുത്തൻ തലമുറ.........
വിവര സാങ്കേതിക വിദ്യയുടെ മാസ്മര ലോകത്തെ അടുത്തറിയാൻ കുട്ടികൾക്ക് അവസരം നൽകുന്ന കൂട്ടായ്മ - ലിറ്റിൽ കൈറ്റ്സ്

"Learning by doing" is our goal
We may make mistakes, but we wont quit.

നിറമുള്ള വളപ്പൊട്ടുകൾ ചേർത്തു വച്ച് ഞങ്ങൾ കോർത്തിണക്കിയ ഈ എളിയ സംരംഭം സാദരം സമർപ്പിക്കുന്നു.

എഡിറ്റർ

# ചരിത്രവഴികളിലൂടെ

കൊല്ലവർഷം 1092, ക്രിസ്തുവർഷം 1917 ൽ കുമരകം ചന്തക്കവലയ്ക്ക് സമീപം ആറ്റാമംഗലം പള്ളി തിരുവിതാംകൂർ ഗവൺമെന്റിലേക്ക് തീറാധാരമായി നൽകിയ സ്ഥലത്ത് ഗവ. ഇംഗ്ലീഷ് മിഡിൽ സ്കൂൾ നിലവിൽ വന്നു.

1946 ൽ ഫോർത്ത് ഫോറവും 1949 ൽ സിക്സ്ത് ഫോറവും ചേർന്ന് പൂർണ്ണ ഹൈസ്കൂളായി മാറി. 1942 ൽ ഹൈസ്കൂൾ കുമരകം അട്ടിപ്പീടിക റോഡിന് കിഴക്കുമാറി പുതിയ കാവ് ദേവീക്ഷേത്രത്തിന് സമീപമുള്ള പുരയിടത്തിലെ പുതിയകെട്ടിടത്തിലേക്ക് മാറ്റി. മിഡിൽ സ്കൂൾ ഇന്നും പഴയ സ്ഥലത്ത് പ്രവർത്തിച്ചു വരുന്നു. ആറ്റാമംഗലം പള്ളിയിൽനിന്നു തന്നെ 50 സെന്റ് സ്ഥലം സ്കൂളിനോട് ചേർന്ന് 99 വർഷത്തേക്ക് പാട്ടത്തിന് രജിസ്റ്റർ ചെയ്ത് വ്ങ്ങി.

1989 ൽ സ്കൂളിന്റെ തിളക്കം വർദ്ധിപ്പിക്കത്തക്കവിധത്തിൽ വൊക്കേഷണൽ ഹയർസെക്കൻണ്ടറി വിഭാഗം നിലവിൽ വന്നു. തൊഴിൽ ശാക്തീകരണത്തിലൂടെ വിദ്യാഭ്യാസത്തിന്റെ പൂർണ്ണ ലക്ഷ്യപ്രാപ്തിയിലെത്തുക എന്ന ഗാന്ധിയൻ ചിന്താഗതിക്ക് അടിസ്ഥാനമായി നിലകൊള്ളുന്ന VHSS വിഭാഗം ധാരാളം വിദ്യാർത്ഥികളുടെ ജീവിത പന്ഥാവിലേയ്ക്കുള്ള ചുണ്ടുപലകയാണ്.

1997 ൽ സ്കൂൾ 80-ാം പിറന്നാൾ ആഘോഷിച്ചു. പിറന്നാൽ സമ്മാനമായി സ്കൂൾ ഹയർസെക്കണ്ടറി വിഭാഗം ആരംഭിക്കുകയുണ്ടായി ധാരാളം ശാസ്ത്രപ്രതിഭകളെയും കലാകാരന്മാരേയും സൃഷ്ടിക്കുന്ന രംഗവേദിയായി ഇതോടെ സ്കൂൾ മാറി.

സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കുവാനുള്ള ആർജ്ജവം നേടുവാനും ശാസ്ത്രനഭോമണ്ഡലത്തിലെ താരമായി പ്രകാശിക്കുവാനും കലാസപര്യയിൽ തിളങ്ങുവാനും കായികക്കളരിയിൽ പ്രശോഭിക്കുവാനുമുള്ള സോപാനമയി നമ്മുടെ സ്കൂൾ ഈ കൊച്ചുഗ്രാമത്തിൽ തലയുയർത്തി നിൽക്കുന്നു. ഈ സ്ഥാപനത്തിൽ മികച്ച കംപ്യൂട്ടർ ലാബ്, ലൈബ്രറി,ലാബുകൾ, സ്മാർട്ട് ക്ലാസുകൾ മുതലായ മേഖലകൾ

പ്രവർത്തിക്കുന്നത് തോളോടുതോൾ ചേർന്നു നില്ക്കുന്ന അധ്യാപക-രക്ഷകർത്തൃസമിതിയുടെയും ജനപ്രതിനിധികളുടെയും ശ്രമഫലമായാണ്.

അതിരുകളില്ലാത്ത കർമ്മമേഖലയുമായി മുന്നേറുന്ന ഈ സരസ്വതി ക്ഷേത്രത്തിലേയ്ക്ക് വീശുന്ന ചരിത്രസമീരണനെനുകർന്ന് വിവേകമുള്ള കരുത്താർന്ന തലമുറയെ വാർത്തെടുക്കുന്ന ദൗത്യത്തിന്റെ പൂർത്തീകരണമാണ് ലക്ഷ്യം.






# മഴ

ഭൂമിക്കുവേണ്ടി ആകാശം പൊഴിക്കുന്ന കണ്ണുനീരാണ് മഴ
പെയ്തൊഴിയാൻ വെമ്പിനിൽക്കുന്ന നിന്നെത്തടയുന്ന
മർത്ത്യജന്മം.
ഒരു മഴവില്ലുപോൽ മാഞ്ഞൊരാ നിന്റെയോർമകൾ
തിരിച്ചുകിട്ടാനിനി
യെത്ര ജന്മം തപസ്സുചെയ്യും ഞങ്ങൾ
പ്രകൃതിയെ മഴവിരലുകളാൽ പുണർന്ന്
ഹരിതമാക്കും നിൻ മന്ദഹാസം
ഇറ്റിറ്റു വീഴുന്ന തുള്ളിയോരോന്നിലും
കാണുന്നു ഭൂമിയോടുള്ള നിൻ പ്രണയം
നിൻ നിറം വർണിക്കാൻ സാധ്യമല്ല.
ഭൂമിയിലൊരു വർണ്ണത്തിനും നിന്നെ പകർത്താനുമാവില്ല.

Sandra Rajan
10A

# Quotations Of Famous Personalities



ശത്രുവിനെ പോലും സുഹൃത്താക്കി മാറ്റാനുള്ള ശക്തി
സ്നേഹത്തിന് മാത്രമേയുള്ളൂ -മാർട്ടിൻ ലൂഥർകിംഗ്

ഒരു കുട്ടി, ഒരു അദ്ധ്യാപിക, ഒരു പുസ്തകം,പിന്നെയൊരു
പെണ്ണ് ഇവയ്ക്ക് ഈ ലോകം മാറ്റിമറിക്കാൻ സാധിക്കും

-മലാല യൂസഫ്

ഒരു വ്യക്തിയെ പരാജയപ്പെടുത്തുവാൻ വളരെ എളുപ്പമാണ്,
അയാളെ വിജയിക്കുവാനാണ് പ്രയാസം

-അബ്ദുൾ കലാം

വിജയത്തിലൂടെ കൈവരുന്നതല്ല ശക്തി നിങ്ങളുടെ പ്രശ്നങ്ങളാണ് നിങ്ങളുടെ ശക്തിയെ രൂപികരിക്കുന്നത്.ജീവതത്തിലെ ഏറ്റവും വിഷമകരമായ ഘട്ടങ്ങളിൽ സ്വയം അടിയറവ് പറയില്ലെന്ന് നിങ്ങൾ തീരുമാനിച്ചാൽ അതാണ് ശക്തി.

-ഗാന്ധിജി

അടിമയെ പോലെ അല്ല യജമാനനെപ്പോലെ ജോലി ചെയ്യുക.

-സ്വാമി വിവേകാനന്ദൻ

ഒരു രാഷ്ട്രത്തിലെ നല്ല തലച്ചോറുകൾ ഒരുപക്ഷെ ക്ലാസ്
മുറികളിലെ അവസാന ബെഞ്ചുകളിലായിരിക്കും.

-അബ്ദുൾകലാം

- Adheena S. Sanu

# IMPACT OF SPORTS IN DAILY LIFE


Sports, one of the most important aspects in the life of human beings. Even the elder ones enjoy their play time. Sports provide opportunities to higher level and so get exercise; children who play games are less likely to use drugs and smoke.

Playing sports can make you stronger and healthier . Athletes lend so have lower body mass index, but non-athlete participants will still benefit from developing muscles and blood pressure. Exercising regularly could contribute to better.
heart and lung function.

Learning to play sports as a child might pour into being a mode active a deed. children and adults go and play spans peppy and through it they get more friends in competitions. Team work and team practice help them play comfortably.

Student athletes own higher grades in tests. They also have lower dropout rates and a better chance of getting into collage. To have a talent in sports is the grace of god.....

ABRAHAM C BABY
10B



# ഒരു ജന്മം

കരിങ്കാക്കയായി പിറക്കണം
കൈയ്യടി വാങ്ങണം
ബലിച്ചോർ തിന്നണം
കൂടിന് കാവലിരിക്കണം
ഒരു ജന്മം
സൗമ്യയായി ജനിക്കണം
ആയുധം കരുതണം
സൗമ്യതവെടിഞ്ഞൊരു രുദ്രയായ് മാറണം
അസുരനെ വധിക്കണം.
പിന്നൊരു ജന്മം,
വിദ്യാലയമുറ്റത്തെ മാവായി വളരണം
തണലൊന്നൊരുക്കണം
കലപില കേൾക്കണം
കല്ലേറുകൊള്ളണം
കനിയൊന്നു കനിയണം
പിന്നൊരു ജന്മം
ജവാനായ് തീരണം
നാടിന് കാവലൊരുക്കണം
നേർക്കുനേർ പോരാടണം
എൻ നാടിനായി മരിക്കണം.
അവസാന ജന്മം
വീണ്ടും ഞാനായി ജനിക്കണം
തെറ്റ് തിരുത്തണം
ചിലരോട് മാപ്പൊന്ന് പറയണം
പറയാൻ മറന്ന പ്രണയം പറയണം
ഞാനായി മരിക്കണം.

Navaneeth Ashok





# സ്കൂൾ കൗൺസിലിംഗ്


സ്വന്തം കഴിവുകൾ തിരിച്ചറിയുവാനും പ്രശ്നങ്ങളെ ദൈനംദിന ജീവിതത്തിൽ ധൈര്യത്തോടെനേരിടുവാനും അതുവഴി ഫലപ്രദമായ ഒരു സാമൂഹികജീവിതം നയിക്കുവാനുമുള്ള കഴിവിനെയാണ് മാനസികാരോഗ്യം എന്നു പറയുന്നത്. മാനസികാരോഗ്യപ്രശ്നങ്ങൾ അനുഭവിക്കുന്നവർക്ക് വളരെയധികം സഹായകരമായ ഒരു ചികിത്സാ രീതിയാണ്കൗൺസിലിംഗ്. അതേസമയം ഇതു വളരെയധികം സഹായകമായ തെറ്റുധരിക്ക പ്പെട്ടിട്ടുള്ളതുമാണ്. “ലഘുവായ വൈകല്യങ്ങളെയും ജീവിതത്തിലെ പ്രശ്നങ്ങൾ മൂലമുണ്ടാകുന്ന മാനസികസംഘർഷത്തെയും കുറയക്കുവാനുമുള്ള പ്രക്രിയയാണ് കൗൺസലിംഗ്. ഇതിന്റെ ലക്ഷ്യം പ്രശ്നമുള്ളയാൾക്ക് ആശ്വാസം നൽകുകയും അവയെ നേരിടാൻ അയാളെ സഹായിക്കലുമാണ്"”.

ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും പ്രാധാനം അർഹിക്കുന്ന കാലഘട്ടമാണ് കൗമാരകാലഘട്ടം അറിയപ്പെടുന്നത് തന്നെ “period of stress and storm” സമ്മർദ്ദങ്ങളുടെയും ആശങ്കപ്പെടുകയും വ്യാകുലതകൾ അനുഭവിക്കുകയും ചെയ്യുന്നത്.

ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന കാലഘട്ടമാണ് കൗമാരം കൗമാരകാലഘട്ടം അറിയപ്പെടുന്നത് തന്നെ “period of stress and storm” എന്നാണ്, സമ്മർദ്ദങ്ങളുടെയും ആശങ്കകളുടേയും കാലഘട്ടം. കുട്ടികൾ തങ്ങളുടെ ശാരിരികവും മാനസികവും സാമൂഹികവുമായ മാറ്റങ്ങളെ ക്കുറിച്ച് ആശങ്കപ്പെടുകയും വ്യാകുലതകൾ അനുഭവിക്കുകയും ചെയ്യുന്നത് ഈസമയത്താണ്.ഇത് തീർച്ചയായും അവരിൽ ചെറുതും വലുതുമായ മാനസിക

**പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാനും വിദ്യാഭ്യാസത്തോടൊപ്പം തന്നെ കുട്ടികൾക്ക് ശരിയായ മാനസിക ആരോഗ്യസംരക്ഷണം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് 2010 മുതൽ കേരള സർക്കാർ 50% പെൺകുട്ടിൾ പഠിക്കുന്ന സർക്കാർ സ്കൂളുകളിൽ സ്കൂൾ കൗൺസലിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് നമ്മുടെ സ്കൂളിൽ 2014 മാർച്ച് മുതലാണ് ഈ പദ്ധതി സ്ഥിരമായി നിലവിൽ വരുന്നത്. പ്രശ്നങ്ങൾക്ക് പ്രൊഫഷണൽ രീതിയുള്ള വ്യക്തിഗത കൗൺസലിംഗ്, ഗ്രൂപ്പ് കൗൺസലിംഗ്, ബോധവത്കരണപരിപാടികൾ, ജീവിതനൈപുണ്യവിദ്യാഭ്യാസം, വ്യക്തിത്വവികസന പരിപാടികൾ എന്നിവയാണ് സ്കൂൾ കൗൺസെലിംഗ് സെന്ററിന്റെ പ്രധാനലക്ഷ്യങ്ങൾ. കുട്ടികളുടെ സമഗ്രവികസനത്തിന് വളരെയധികം പ്രാധാന്യം നൽകുന്ന പി.റ്റ.എ, സ്ഥാപനമേധാവികൾ, അദ്ധ്യപകർ എന്നിവരുടെ സഹായത്തോടെ നമ്മുടെ സ്കൂളിലെ ഇത്തരം പ്രവർത്തനങ്ങൾ വളരെയധികം നല്ല രീതിയിൽ കഴിഞ്ഞ മൂന്നുവർഷമായി മുമ്പോട്ടുകൊണ്ടു പോകുവാൻ സാധിക്കുന്നു.**


–രമ്യ രഘുനാഥ്



# ചിത്രലോകം



# തബീബിയ



പണ്ടേതോ നാളിൽ  മറുകര താണ്ടിയിന്നെൻ
വിദ്യാലയമതിൻ വാതിൽപ്പടിയിൽ
ഭൂമിയിലുദാരമായ് മഴവില്ലുപിഴിഞ്ഞെടുത്ത സത്താമഴകേ
നിൻ വേരുതൻ ജീവൽസ്പന്ദനമുറങ്ങുന്ന
തെൻ വിദ്യാലയമതിൻ മടിത്തട്ടിലോ
കലാലയ ജീവിതം വിട്ടു പാറിപ്പോം
ഓർമ്മയെ പിന്തുടരുവാനീ
തബീബയതൻ ചില്ലകൾ മാത്രം
ആരുമേ കൂട്ടിനില്ലാതൊറ്റയ്ക്കിറങ്ങുമീ
ഓർമ്മയ്ക്ക് കൂട്ടായ് നീ തന്നെ
നറു പൂവിൻ ഗന്ധം മാത്രം
നീങ്ങുന്ന വണ്ടിതൻ ജാലകം നീട്ടു -
മാർദ്രമാം ഓർമ്മകളിലൂടെ
കണ്ണീർ പൊഴിക്കും കാലമേ.....
ശതമതിൽ പുരാതനമാം ഇക്കലാലയം
മേൻമയായ് ഇനിയൊരു ശതത്തിലും
വളരട്ടെ നിന്നോർമ്മ.

# ഓർമ്മത്തുവൽ

ഓർമ്മകളിൽ ഒരിക്കലും നിറം മങ്ങാത്ത ഒരു പച്ചപ്പ്, കാതിനിമ്പമേകുന്ന ഒരു കിളിയൊച്ച .നഗരത്തിരക്കുകളിൽ അന്യം നിന്നുപോകുന്ന പക്ഷികളും ,ആകാശക്കാഴ്ചയും പ്രകൃതഭംഗിയുംകുമരകംഎനിക്ക്തിരിച്ചുതന്നു.പഴയകാലത്തിന്റെ സ്മരണപോലെ പറന്നെത്തുന്ന കാക്കകളും ഒറ്റയ്ക്കെത്തുന്ന മൈനയും (അതിനെ ഒറ്റയ്ക്ക് വരുന്നതിന് വഴക്ക പറഞ്ഞിട്ടുമുണ്ട്) വല്ലപ്പോഴുമെത്തുന്ന ഉപ്പനും മരംകൊത്തിയും ഓലേഞ്ഞാലിയും തീർന്നു കൊല്ലത്തിന്റെ പക്ഷി വിശേഷങ്ങൾ.ചുറ്റും തീർത്ത കോൺക്രീറ്റ് ചുവരിന് നടുവിൽ ഇത്തിരി ആകാശത്തിന്റെ നക്ഷത്രക്കാഴ്ചമാത്രം.പിന്നെ നഗരത്തിരക്കിൽ മാഞ്ഞുപോയ പ്രകൃതി.

ഉടഞ്ഞുപോയൊരു കുളത്തിന്റെ പച്ചപ്പിലേക്ക് എത്ര കിളികളാണ് നമ്മുടെ വിദ്യാലയത്തിലെത്തുന്നത്. കൊന്നമരത്തിന്റെ മഞ്ഞ സമൃദ്ധിയിലേക്ക് എന്നുമെത്തുന്ന മഞ്ഞത്തേൻകിളിക്കൂട്ടം, കൊച്ചു മുളങ്കാട്ടിൽ കൂട്ടുകൂടിയ ബുൾബുൾ കുടുംബം, ഉത്തരത്തിലിരുന്ന് സ്ഥിരം ധ്യാനിക്കുന്ന വെള്ളിമൂങ്ങ, സ്കൂൾ മുറ്റത്തെ മരങ്ങളിൽ കമ്പികളിലും പറന്നും വഴക്കടിച്ചും കുറെയേറെ കാക്കത്തമ്പുരാട്ടിമാരും മൈനകളും കാട്ടുമുഴക്കികളും ഗ്രൗണ്ടിലെപ്പോഴും പരാതിനടക്കുന്ന പൊക്കക്കാരികളായ കൊക്കുകളുമുണ്ടാവും. പാതിരാക്കൊക്കും ചിന്നമുണ്ടിയും കാലിമുണ്ടിയും കുളക്കൊക്കും ഇവ കൂടാതെ കുളത്തിനരികിൽ സ്ഥിരം വരവുകാരേറെയുണ്ട് .മഴക്കാലത്ത് മടങ്ങിപ്പോകും വരെ രണ്ട് എരണ്ടപക്ഷികൾ, കുടികിടപ്പുകാരായ നീർക്കാക്കകൾ, പച്ചക്കറിത്തോട്ടത്തിൽ ചികയാനെത്തുന്ന കുളക്കോഴികൾ, ഉപ്പന്മാർ, പ്രാവുകൾ പിന്നെ വലിയ ചിറകുവിരിച്ച് ഇടയ്ക്കിടെ പറന്ന് പൊങ്ങി പേടിപ്പിക്കുന്ന ചേരക്കോഴികളും വെളുപ്പും കറുപ്പും നിറത്തിൽ ഓടിൻ പുറത്തും ചുറ്റും ചാടിയും പറന്നും കളിക്കുന്ന വണ്ണാത്തിപ്പുള്ളുകളും വാലാട്ടിക്കിളികളും കുമരകസന്ധ്യകൾ

സംഗീതസാന്ദ്രമാക്കുന്നു. ഗ്രൗണ്ടോളം നീണ്ട ആകാശക്കാഴ്ച പ്രകൃതിക്ക് സ്വർഗ്ഗചാരുത നൽകും. മാനത്തുകണ്ണികൾ മയങ്ങുന്ന കയത്തിലാകട്ടെ ആമയും മീൻ കുഞ്ഞുങ്ങളും തവളകളും വരാലും സമൃദ്ധം. ഇത് പക്ഷികൾ രാപ്പകൽ പാർക്കുന്നിടം; ശബ്ദഭംഗികൾ ചാലിച്ച ദൃശ്യവിസ്മയം.


സീറ്റ മിറാൻഡ








# അമ്മ



അമ്മയാണെന്റെ ആദ്യവിദ്യാലയം
അമ്മയെന്നതെന്നാദ്യരണ്ടക്ഷരം
അമ്മയെന്നതാം വിദ്യാലയത്തിൽ
സ്നേഹസാന്ദ്രമാം വിദ്യാലയത്തിൽ
ഒരു വിടർന്ന പനിനീർപ്പൂവ്പോൽ
മൃദുലമാണെന്റെ യമ്മതൻമാനസം
പൊൻ തളികപോൽ മിന്നിത്തിളങ്ങുന്നു
അമ്മപ്പൂവിന്റെ സൗന്ദര്യമെന്നും
അപ്പൂവിതളുകളിൽ സ്നേഹമാകുന്ന
അടരുന്ന തേൻതുള്ളികൾ മാത്രം

ABIRAMI VIJAYAN 10B








# വിനോദസഞ്ചാര നിമിഷങ്ങൾ


29-12-18 18:09


29-12-18 14:45





# EDITORIAL BOARD

**ABDUL SHUKKOOR** -***HEADMASTER (HS)***

***CHIEF EDITOR*** -***TOM LOUIS***

***MAGAZINE CONVENOR*** -***NIKHITHA KOCHUMON***

***SUB EDITORS*** ***ANJALEENA ANTONY***
-***ROBISH K BLESSON***

***EDITORIAL BOARD*** -***VIVEK VINAYAK***
- ***KESIYAMOL SANTHOSH***
-***ABHIJITH REJI***
-***JOJI THOMAS JINU***

***COVER DESIGN*** -***VYSHNAV P S***

***PRINTED AND***
***PUBLISHED BY*** -***LITTLE KITES MEMBERS***
***GVHSS KUMARAKOM***

# നന്ദി...



ലിററിൽ കൈറ്റ്സ് അംഗങ്ങൾ.

## ലിറ്റിൽകൈറ്റ് യൂണിറ്റ് നേതൃത്വം

Headmaster :Abdul Shukoor M

Kite mistress : Preetha . G . Nair
Kite master : K.S Vijayakumar

Kite leaders : Tom louis, Nikhitha kochumon



